7769
6/8/14

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കാസർഗോഡ് നിർഭയ ഷെൽട്ടർ ഹോം - കെട്ടിട നിർമ്മാണത്തിന് അധിക തുകയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം.484/2014/സാനീവ | തീയതി, തിരുവനന്തപുരം 05.08.2014

---

പരാമർശം: 1) സ.ഉ(സാധാ) നം. 361/2013/സാനീവ തീയതി 09.07.2013.
2) സാമൂഹ്യനീതി ഡയറക്ടറുടെ 3.7.2014 ലെ എഫ്5/23505/13 നമ്പർ കത്ത്.
3) 21.7.2014 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിൽ നിർഭയ ഷെൽട്ടർ ഹോമിന് പുതിയ കെട്ടിടം പണിയുന്നതിനായി 52 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഭരണാനുമതി ലഭിച്ച 52 ലക്ഷം രൂപയ്ക്ക് കെട്ടിടം പൂർത്തീകരിക്കുവാൻ സാധിയ്ക്കുകയില്ലെന്നും 200 ലക്ഷം രൂപയുടെ മൊത്തം എസ്റ്റിമേറ്റിൽ നിന്നും ഭരണാനുമതി ലഭിച്ച 52 ലക്ഷം രൂപ phase I ആയും ബാക്കി 148 ലക്ഷം രൂപ phase II ആയും പണി ചെയ്യുന്നതിന് 148 ലക്ഷം രൂപയുടെ ഭരണാനുമതി നൽകണമെന്ന് കാസർഗോഡ് പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടി 148 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 4235-02-103-99 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 9 കോടി രൂപയിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്

(2) 21.7.2014 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് നിർഭയ ഷെൽട്ടർ ഹോമിന് പുതിയ കെട്ടിടം പണിയുന്നതിനായുള്ള അധിക തുകയ്ക്കു വേണ്ടി സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകിയും ഇതിലേക്കാവശ്യമായ 200 ലക്ഷം രൂപയിൽ പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ 52 ലക്ഷം രൂപ കുറച്ച് ബാക്കി 148 ലക്ഷം രൂപ (നൂറ്റി നാൽപ്പത്തിയെട്ട് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 4235-02-103-99 (പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ഡയറക്ടർ,സാമൂഹ്യനീതി വകുപ്പ്,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആൻറ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ്ബ് ആന്റ് ന്യൂ മീഡിയ ( വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ